# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2021 ജനവരി 27

## വാർത്താക്കുറിപ്പ്

### എം.ജി. പി.ജി. ഫൈനൽ അലോട്മെന്റ്; ജനവരി 29ന് പ്രവേശനം നേടണം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഫൈനൽ അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളും സഹിതം ജനവരി 29ന് വൈകീട്ട് നാലിനകം അലോട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. 29ന് വൈകീട്ട് നാലിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും. ഒന്നാം ഫൈനൽ അലോട്മെന്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി രണ്ടാം ഫൈനൽ അലോട്മെന്റ് ജനവരി 30ന് പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/120/2021)

### പരീക്ഷ തീയതി

ഒന്നുമുതൽ നാലുവരെ വർഷ ബി.എസ് സി. നഴ്സിംഗ് മേഴ്സി ചാൻസ് (2007-2009 അഡ്മിഷൻ) പരിക്ഷകൾ ഫെബ്രുവരി മൂന്നുമുതൽ ഗാന്ധിനഗർ എസ്.എം.ഇ. (സീപാസ്)യിൽ നടക്കും.

(പി.ആർ.ഒ/39/121/2021)

### വൈവാവോസി പുനഃക്രമീകരിച്ചു

ഇന്നും നാളെയുമായി (ജനവരി 28, 29) എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി രണ്ട്, മൂന്ന് തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/122/2021)

### രണ്ടാം സെമസ്റ്റർ ബിരുദ മൂല്യനിർണയ ക്യാമ്പ് ഇന്നുമുതൽ (ജനവരി 28)

രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പുകൾ ഇന്ന് (ജനവരി 28) മുതൽ ഒൻപത് മേഖലകേന്ദ്രങ്ങളിൽ ആരംഭിക്കും. ഹോം ക്വാറന്റൈനിൽ കഴിയുന്നവർ ഒഴികെ മുഴുവൻ അഫിലിയേറ്റഡ് കോളേജുകളിലെയും ഗസ്റ്റ് അധ്യാപകർ ഉൾപ്പെടെയുള്ള അധ്യാപകർ മൂല്യനിർണയ ക്യാമ്പിൽ എത്തണം. കോട്ടയം ബി.സി.എം. കോളേജ് (9562869005), ചങ്ങനാശേരി ക്രിസ്തുജ്യോതി കോളേജ് (9544389606), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9446824314), പാല അൽഫോൻസാ കോളേജ് (9447362420), മൂവാറ്റുപുഴ നിർമ്മല കോളേജ് (9567490441), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9567911611), ആലുവ യു.സി. കോളേജ് (8075478265), ലബ്ബക്കട ജെ.പി.എം. കോളേജ് (7025154050), അടിമാലി കാർമ്മൽഗിരി കോളേജ് (8547093816) എന്നിവയാണ് മൂല്യനിർണയ കേന്ദ്രങ്ങൾ.

(പി.ആർ.ഒ/39/123/2021)

## പരീക്ഷഫലം

2020 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/124/2021)

2020 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/125/2021)

## ടെക്നിക്കൽ അസിസ്റ്റന്റ് വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ജനുവരി 29ന് രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് വോക്-ഇൻ-ഇന്റർവ്യൂ. ഒരു വർഷമാണ് കാലാവധി. ഒഴിവ് (ഓപ്പൺ-1, ഈഴവ/തിയ്യ/ബില്ലവ - 1). കെമിസ്ട്രി/പോളിമർ കെമിസ്ട്രിയിൽ ഫസ്റ്റ്/സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തിപരിചയവുമാണ് യോഗ്യത. മാസം 15000 രൂപ ലഭിക്കും. 2021 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകളുണ്ടാകും). താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ അസൽ രേഖകളും പകർപ്പുകളുമായി രാവിലെ 9.30ന് സർവകലാശാല അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എഡി. എ5 സെക്ഷനിൽ എത്തണം. ഉദ്യോഗാർഥികൾ കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് വോക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കണം.

(പി.ആർ.ഒ/39/126/2021)

## ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല അഡ്വാൻസ്ഡ് മോളിക്യുലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിൽ കരാർ വ്യവസ്ഥയിൽ താൽക്കാലികമായി ടെക്നിക്കൽ അസിസ്റ്റന്റിനെ നിയോഗിക്കുന്നു. വോക്-ഇൻ-ഇന്റർവ്യൂ ജനുവരി 29ന് ഉച്ചകഴിഞ്ഞ് രണ്ടിന് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കും. ഒരൊഴിവാണുള്ളത്. മാസം 15000 രൂപ ലഭിക്കും. യോഗ്യത: ബി.എസ് സി. കെമിസ്ട്രി, അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുള്ള മുൻപരിചയം. പ്രായം: 2021 ജനുവരി ഒന്നിന് 36 വയസ്. താല്പര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിലെ എഡി എ7 സെക്ഷനിൽ ഉച്ചയ്ക്ക് 12.30ന് എത്തണം.

(പി.ആർ.ഒ/39/127/2021)

## സെനറ്റ് തെരഞ്ഞെടുപ്പ്; വിജ്ഞാപനം പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല ഡിപ്പാർട്ട്മെന്റ് അധ്യാപകരുടെ മണ്ഡലത്തിൽനിന്നുള്ള തെരഞ്ഞെടുപ്പിന് സാധുവായ നാമനിർദ്ദേശപത്രിക സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിലും ഓഫീസിലും ലഭിക്കും.

(പി.ആർ.ഒ/39/128/2021)

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല അനധ്യാപക ജീവനക്കാരുടെ മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പിന് അന്തിമ സ്ഥാനാർഥി പട്ടിക സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിലും ഓഫീസിലും ലഭിക്കും.

(പി.ആർ.ഒ/39/129/2021)

## എം.ജി.യിൽ റിപ്പബ്ലിക് ദിനോഘോഷം

രാജ്യത്തിന്റെ 72-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾ മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സർവകലാശാല ഭരണവിഭാഗ അങ്കണത്തിൽ

ദേശീയപതാക ഉയർത്തി, റിപ്പബ്ലിക് ദിന സന്ദേശം നൽകി. സ്തുത്യർഹസേവനത്തിനുള്ള അംഗീകാരം ലഭിച്ച അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ പി.കെ. പ്രകാശിനെ വൈസ് ചാൻസലർ ആദരിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ആഘോഷങ്ങൾ നടന്നത്. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് എന്നിവർ സംസാരിച്ചു. സർവകലാശാല ജീവനക്കാർ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയ പതാക ഉയർത്തുന്നു**

(പി.ആർ.ഒ/39/130/2021)

## പുതുതലമുറയ്ക്ക് തൊഴിലവസരം നൽകൽ വെല്ലുവിളി; ഡോ. ജയൻ ജോസ് തോമസ്

രാജ്യത്തെ ജനസംഖ്യയിൽ നിർണായകമായി വളരുന്ന പുതുതലമുറയ്ക്ക് മാന്യമായ തൊഴിൽ നൽകുകയെന്നതാണ് രാജ്യം നേരിടുന്ന വെല്ലുവിളിയെന്ന് ഡൽഹി ഐ.ഐ.ടി. പ്രൊഫസറും സംസ്ഥാന ആസൂത്രണ സമിതി അംഗവുമായ ഡോ. ജയൻ ജോസ് തോമസ് പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല അന്തർ സർവകലാശാല സാമൂഹ്യശാസ്ത്രഗവേഷണകേന്ദ്രവും കെ.എൻ.രാജ് പഠനകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച വെബ് കൊളോക്കിയത്തിൽ 'ബജറ്റ് കാലത്തെ ബൃഹദ് സാമ്പത്തികദർശനങ്ങൾ' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കോവിഡ് 19 മൂലം തൊഴിൽ മേഖലയിലുള്ള പ്രതിസന്ധികൾ മറികടക്കാൻ ഗ്രാമീണ മേഖലകളിൽ പുതിയ സാമ്പത്തികാവസരങ്ങൾ സൃഷ്ടിക്കണം. പാവപ്പെട്ടവരുടെ ഉപഭോഗം വർധിപ്പിച്ചും ഗ്രാമീണരംഗത്തെ ഭക്ഷ്യസംസ്കരണം, ഗൃഹനിർമാണം തുടങ്ങിയ മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ സൃഷ്ടിച്ചും തൊഴിൽ സാധ്യതകൾ വർധിപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞു. കെ.എൻ. രാജ് സെന്റർ ഡയറക്ടർ ഡോ. ജോണി ജോൺസൺ അധ്യക്ഷത വഹിച്ചു. ഡോ. വി. മാത്യു കുര്യൻ, ഡോ. ജോസ് നടുതൊട്ടി, ഡോ. മാത്യു വർഗീസ്, ഡോ. കെ.എം. സീതി എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ/39/131/2021)

## "Job challenge for the young is critical," says IIT expert

"India has been facing a tough challenge in creating decent jobs for its growing young population in the country and the crisis triggered by the COVID-19 pandemic has further aggravated the job challenge in India," according to Dr. Jayan Jose Thomas, Member, Kerala State Planning Board and faculty at the IIT, Delhi. Dr Jayan Jose was speaking at the Web-Colloquium on "Macroeconomic theory in the context of budget 2021-22" organized by the Inter University Centre for Social Science Research and Extension (IUCSSRE) in collaboration with the K.N. Raj Centre (KNRC), Mahatma Gandhi University.

Dr Jayan said that the current crisis in the economy can be overcome only by creating new economic opportunities in India's rural areas and by widening the sources of demand – that is, by raising the consumption of and investment for the poor and by setting up of industries linked to food processing or affordable housing in rural areas. He said that the "multiplier effects of such investments would be huge."

Dr Jayan argued that "broadening the demand base requires policies that differ fundamentally from conventional economic ideas." The mainstream argument has been that "firms should try to reduce costs by squeezing wages." But "cutting wages will shrink markets further and deepen the crisis during a depression," he warned. Instead, he said, "firms should assist in raising workers' wages and incomes, and thereby, in enlarging the size of the markets." "For rejuvenation of demand, it is critical that governments increase spending on the economy, stepping in areas such as infrastructure and innovation." Dr Jayan

stressed that the “government spending can boost the ‘animal spirits’ of the private investors, as had been suggested by John Maynard Keynes amidst the great depression of the 1930s.”

According to Dr Jayan, “with the budget for 2021-22, the government could announce a major expansion in public investment in infrastructure building and innovation. Enhancing government expenditures is important, especially in the areas of healthcare, education, agriculture and public transport.”

Dr Jayan noted that it was “indeed remarkable that the Government of Kerala announced an economic relief package on 20 March 2020 itself (amounting to Rs.20,000 crores).” “This was large and early enough to cover the income losses suffered by the poorer sections of the State’s workforce during the two months since the lockdown began on 25 March 2020. More importantly, the steps taken by the government in Kerala to ensure social security and improve people’s lives will help stimulate effective demand and thereby contribute to income growth and economic recovery.”

However, according to Dr Jayan, “with a slowing down in the growth of its working age population, Kerala will have to identify new sectors for its future growth, which will be high on value addition and are based on modern technologies.” Drawing attention to the Kerala State budget notes, he said that “a focus on innovation and knowledge-based industries will be the key to propel the State into a new stage in economic transformation.”

According to Dr. V. Mathew Kurian, Joint Director of KNRC, the current economic crisis across the world cannot be squarely addressed with any radical measures in the background of the continuing pandemic. Neo-Keynesianism reigns supreme in such a context, calling for a revisit to the much-hyped neoliberalism and its pervasive interventions across diverse spheres of human activity. Hence any alternative package to neoliberalism is a welcome step in the present scenario of world-wide crisis. Dr Kurian said that no country can afford to sidestep social security and welfarism in a situation of growing impoverishment and the Kerala budget 2021-22 is a clear instance of how a government can step in to mitigate the social crises generated by economic slump. Dr. Jose Naduthotty, faculty, KNRC, however, argued that the Kerala budget this time should have been an ‘interim budget’ considering the forthcoming state assembly elections to be held in two months’ time. Dr Jose also said that the COVID relief package put in place by the Union Government was apparently very huge but, in reality, not even 10 per cent of the package was beneficial to the poor people, the remaining being in the form of bank loans.

The world will have to put with the economic slowdown and the recessionary trends for some years if we go by the projections made by global financial institutions, according to Dr K.M. Seethi, Director, IUCSSRE. As the pandemic itself has come back in new waves in some countries with new strains emerging, it is difficult to predict the contours of the economic scenario. “This obviously has a gushing effect on diverse spheres of our activities with declining income, rising high employment, persistent setbacks in commodity trade, market rundown, and unrelenting accumulation of wealth in the hands of a few.” He said that “notwithstanding all setbacks, neoliberalism as an ideology is still reinforced by the neoclassical economic theory of rational expectations, by new institutionalism, and by the new forms of the rational choice school.” It inevitably “unleashes political and theoretical attacks on the State and on regulated markets.” While a few Global North countries had started revisiting some of the earlier theories of development and trade, they are extremely reluctant to encourage it in the Global South countries, evidently due to their advantage in global exchange relations. “This iniquitous model tends to generate more social tensions and conflicts in countries like India,” he said.

Dr Johney Johnson, Hon. Director of KN Raj Centre and Professor and Dean of Business and Management Sciences, MGU chaired the session. Dr. Mathew A. Varghese, faculty, School of International Relations and Politics and others spoke at the Web-Colloquium.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ